മിസ്റ്റർ എ. ഈച്ചരമേനോൻ: അദ്ദേഹത്തിന്നു വന്നതുമുതൽ സ്റ്റേറ്റു കാർ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വ്.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റേറ്റുകാർ കൊടുത്തിട്ടുള്ള ആളുകളിൽ ആരെങ്കിലും പുതിയ കാർ വാങ്ങുവാനുള്ള പെർമിറ്റ് അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചീഫ് ജസ്റ്റീസിനു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം ആ കാർ എന്തു ചെയ്യും?

റാവുബഹദൂർ ടി. കെ. നായർ: ആ കാർ തന്നെയാണ് അദ്ദേഹം ഉപയോഗിക്കുന്നതു്. അതു ഗവൺമെണ്ടിനുതന്നെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതിൽ പറയുന്ന വ്യക്തികളും മന്ത്രിമാരും നിയമസഭാപ്രസിഡണ്ടും കോവിലകത്തുള്ള അംഗങ്ങളും കൂടാതെ സ്റ്റേറ്റുകാർ ആരെങ്കിലും ഉപയോഗിക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അവക്കു കൊടുത്തിട്ടുള്ള കാർ ഉപയോഗിക്കുന്നുണ്ടൊ എന്നാണെങ്കിൽ, പലരും ഉപയോഗിക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഞാൻ മുമ്പു പറഞ്ഞ വ്യക്തികളെ കൂടാതെ മറ്റാരെങ്കിലും സ്റ്റേറ്റുകാർ ഉപയോഗിക്കുന്നുണ്ടോ? മേൽ പറഞ്ഞവക്കു കൊടുത്ത കാറുകളല്ലാതെ വേറെ കാറുകൾ വേറെയുള്ളവർ ഉപയോഗിക്കുന്നുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ അറിവിൽ ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സങ്കടംകൊണ്ടു ചോദിക്കുകയാണു്. സ്റ്റേറ്റുകാറും എക്സിക്യൂട്ടീവ് എൻജിനീയർമാരും വന്നു തമ്മിൽ മുട്ടി മുട്ടി റോഡിൽ നടക്കുവാൻ പാടില്ലാതായിതീർന്നിരിക്കുന്നു!

റാവുബഹദൂർ ടി. കെ. നായർ: എനിക്കറിവുള്ളതല്ലെ മറുപടി പറയുവാൻ തരമുള്ളൂ!

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരിപ്പാട്: മന്ത്രിമാർക്കും പ്രസിഡണ്ടിനും കൂടാതെ സ്റ്റേറ്റുകാർ ഉപയോഗിക്കുന്ന കാർ ഇപ്പോൾ ഇവിടെ ഉണ്ടോ? ഉണ്ടെങ്കിൽ അതു് ആരാണു് ഉപയോഗിക്കുന്നതു്, ഒന്നു നോക്കി പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോക്കീട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: മന്ത്രിമാരല്ലാത്ത ഏതെങ്കിലും അനുദ്യോഗസ്ഥന്മാർക്കു് ഗവൺമെണ്ടിൽനിന്നു കാർ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: അതൊന്നു് അന്വേഷിച്ചു പറയുവാൻ ഭയപ്പെടുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷിക്കുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കൊച്ചിൻ സ്റ്റേറ്റുവക കാർ എത്രയുണ്ടു്?

റാവുബഹദൂർ ടി. കെ. നായർ: ആ ചോദ്യത്തിനു മറുപടി പറയുവാൻ തയ്യാറായി വന്നിട്ടില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will you please take this as a notice and answer to-morrow?.

Rao Bahadur T. K. Nayar (*Prime Minister*): I want a fresh notice.

മിസ്റ്റർ ജോസ് കെ. വട്ടിസ്: കാറുകൾ മുട്ടിയിട്ടു നടക്കുവാൻ പാടില്ല എന്നു പറഞ്ഞു. ഈ സ്ഥിതിക്കു ഡെപ്യൂട്ടി പ്രസിഡണ്ടിനു് ഒരു കാർ കൊടുക്കുവാൻ ഭയപ്പെടുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ നിയമനത്തിൽ കാർ കൊടുക്കണമെന്ന വ്യവസ്ഥയില്ലാത്തതിനാൽ ഈ സംഗതിയെക്കുറിച്ചു് ഗവൺമെണ്ടു് ഇതുവരെ ആലോചിച്ചിട്ടില്ല.

HOUSING SCHEME FOR DEPRESSED CLASS PEOPLE—PARTICULARS OF

232. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ?

(എ) അധഃകൃത വകുപ്പിൽനിന്നും അധഃകൃതർക്കു് ഒരു ഭവന നിർമ്മാണ പദ്ധതി ക്ലാസ് 0, ക്ലാസ് 1, ക്ലാസ് 2 എന്നീ ഏതെങ്കിലും ഒരു കൊല്ലത്തിൽ തയ്യാറാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതു തിയ്യതിയിലാണ് തയ്യാറാക്കിയതു്;

(സി) അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു്.

(ബി) ഫെബ്രുവരി ഒക്ടോബർ മാസം (ഫെബ്രുവരി കന്നി മാസം).

(സി) പകർപ്പു് മേശപ്പുറത്തു വെച്ചിരിക്കുന്നു. പദ്ധതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇക്കൊല്ലം ആലോചന അവസാനിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പറയുവാൻ നിവൃത്തിയില്ല.

Mr. President: The same question was answered yesterday.

MR. M. D. NARAYANA AYYAR'S RESIGNATION—DETAILS REGARDING

233. മിസ്റ്റർ ജോസു് കെ. വട്ടിസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമനപ്പെട്ട ഗവൺമെണ്ടു് സഭയം മറുപടി പറയുമോ.—

(എ) എം.ഡി. നാരായണയ്യരുടെ രാജി പിൻവലിച്ചുവെന്നു ചില പത്രങ്ങളിൽ കണ്ടതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) എന്താണു് അദ്ദേഹം രാജികൊടുത്തതു്; എന്തുകൊണ്ടാണു് പിൻവലിച്ചതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഉണ്ടു്.

(ബി) മഹാരാജാസു് ടെക്നോളജിക്കൽ ഇൻസ്റ്റിട്ട്യൂട്ടു് ഭരണകാര്യത്തിൽ അദ്ദേഹത്തിനു വേണ്ടത്ര സ്വാതന്ത്ര്യം നൽകിയില്ലെന്നും ഗവൺമെണ്ടു കൂടുതൽ ഇടപെടുന്നു എന്നും തോന്നിയതു രാജിക്കുള്ള കാരണങ്ങളായി പറഞ്ഞിരിക്കുന്നതു്.

രാജി പിൻവലിച്ചതിനു കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല.

LEGISLATIVE COUNCIL QUESTIONS—NUMBER ADMITTED AND ANSWERED

234. Mr. P. A. Mohamed Ashroff *(Cranganur):* Will Government be pleased to state.—

(*a*) the number of questions put by the Hon'ble non-official members of the Legislative Council demanding answers from the Government in the Legislative and Budget Sessions of 1122 (each to be separately given);

(*b*) how many of them admitted;

(*c*) how many of them answered;

(*d*) the reasons for the delay in answering questions?

Rao Bahadur T. K. Nayar *(Prime Minister):*

(*a*)	The number of questions received during the	Legislative Session	..1,016
	Do.	Budget Session	.. 987.
(*b*)	..	Legislative Seesion	.. 948
		Budget Session	.. 911
(*c*)	..	Legislative Session	.. 481
		Budget Session	.. 549

(*d*) In many cases particulars for answering the questions have to be collected from various Departments, which involve unavoidable delay.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: "In many cases particulars for answering the questions have to be collected from various Departments, which involve unavoidable delay" എന്നു കാരണം പറഞ്ഞിട്ടുണ്ടു്. വകുപ്പദ്ധ്യക്ഷന്മാർക്കു് മറുപടിക്കായി ചോദ്യങ്ങൾ അയക്കുമ്പോൾ ഇത്ര ദിവസത്തിനു മുമ്പു് മറുപടി അയക്കണമെന്നു നിർദ്ദേശം കൊടുക്കാറില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: അങ്ങിനെ നിർദ്ദേശംകൊടുത്തിട്ടു് ആ സമയത്തിനുള്ളിൽ മറുപടി അയക്കാത്ത വകുപ്പദ്ധ്യക്ഷന്മാരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly